# മൂട്ട് കോർട്ട് മൽസരത്തിൽ കുസാറ്റിനു നേട്ടം

കോട്ടയം● പുണെ സിംബയോസിസ് ലോ സ്കൂളിൽ നടന്ന രാജ്യാന്തര സാങ്കേതിക നിയമ മൂട്ട് കോർട്ട് മൽസരത്തിൽ കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയ്ക്ക് (കുസാറ്റ്) നേട്ടം. സർവകലാശാല സ്കൂൾ ലീഗൽ സ്റ്റഡീസിലെ ആനീ മാമ്പിള്ളി, ഇന്ദുലേഖ ജോസഫ്, ഇൻസ്ട്രുമെന്റേഷൻ വകുപ്പ് വിദ്യാർഥി കെ. സംഗീത് എന്നിവരടങ്ങിയ ടീമാണ് മൽസരത്തിൽ വിജയികളായത്. പുണെ ഐഎൽഎസിനെയാണ് ഇവർ ഫൈനലിൽ പരാജയപ്പെടുത്തിയത്. ആനീ മാമ്പിള്ളി മികച്ച വിദ്യാർഥി അഭിഭാഷകയായി തിരഞ്ഞെടുക്കപ്പെട്ടു.

മനോരമ 24-2-12